REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- രാജ്യത്ത് അഞ്ചാം ക്ലാസ് വരെ മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്ന സമ്പ്രദായം നടപ്പാക്കിവരികയാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ.
- അഭിപ്രായസ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ മാധ്യമങ്ങൾ ധാർമികത കണക്കിലെടുക്കണമെന്ന് കേന്ദ്ര സഹമന്ത്രി ഡോ. L മുരുഗൻ.
- 32-ാമത് സ്വദേശി സയൻസ് കോൺഗ്രസ് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ ഇന്ന് ആരംഭിക്കും.
- നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവത്തിന് രാവിലെ തിരുവനന്തപുരത്ത് തുടക്കമാകും.
- അന്തരിച്ച മുൻ മന്ത്രിയും മുസ്ലിംലീഗ് നേതാവുമായ V.K ഇബ്രാഹിംകുഞ്ഞിന്റെ ഖബറടക്കം രാവിലെ എറണാകുളം ആലങ്ങാട് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ.
- വാരണാസിയിൽ ദേശീയ വോളീബാൾ ചാമ്പ്യൻഷിപ്പ് പുരുഷ വിഭാഗത്തിൽ കേരളത്തിന് ജയം.

## വാർത്തകൾ വിശദമായി

അഞ്ചാം ക്ലാസ് വരെ മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്ന സമ്പ്രദായം രാജ്യത്തു നടപ്പാക്കിവരികയാണെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്രപ്രധാൻ പറഞ്ഞു. എൻജിനീയറിംഗ്-മെഡിക്കൽ വിദ്യാഭ്യാസവും, ഇന്ത്യൻ ഭാഷകളിൽ ആസൂത്രണം ചെയ്യുന്നുണ്ട്. രാജ്യത്തെ ഭാഷകളാണ് ജനതയെ

ഒന്നിപ്പിക്കുന്നതും, ബന്ധിപ്പിക്കുന്നതും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ മലയാളമടക്കം അഞ്ച് ഭാഷകളിലെ മൂല്യവത്തും, അപൂർവ്വവുമായ 55 സാഹിത്യരചനകൾ പ്രകാശനം ചെയ്യുകയായിരുന്നു ധർമ്മേന്ദ്ര പ്രധാൻ. എല്ലാ ഇന്ത്യൻ ഭാഷകളും ദേശീയ ഭാഷകളാണെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാട് ധർമ്മേന്ദ്ര പ്രധാൻ എടുത്തുപറഞ്ഞു.

✪✪✪

രാജ്യതാല്പര്യം കൂടി കണക്കിലെടുത്തു വേണം മാധ്യമങ്ങൾ വാർത്തകൾ അവതരിപ്പിക്കാനെന്നും, അഭിപ്രായസ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ ധാർമികത കണക്കിലെടുക്കണമെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. L മുരുഗൻ. അഭിപ്രായപ്പെട്ടു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ധാർമ്മിക മൂല്യം ഉയർത്തി പിടിക്കണമെന്നും കേരള കൗമുദി കോട്ടയം യൂണിറ്റിന്റെ രജത ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യവെ അദ്ദേഹം ആവശ്യപ്പെട്ടു. മാധ്യമപ്രവർത്തകരെ ശാക്തീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഡോ. മുരുഗൻ പറഞ്ഞു. നേരത്തെ IIMC കോട്ടയം ക്യാമ്പസ് സന്ദർശിച്ച കേന്ദ്രസഹമന്ത്രി വിദ്യാർത്ഥികളുമായി സംവദിച്ചു.

✪✪✪

32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ ഇന്ന് ആരംഭിക്കും. 'വികസിത ഭാരതത്തിന് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം' എന്ന വിഷയത്തിലെ സമ്മേളനം രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. സ്വദേശി ശാസ്ത്ര പ്രസ്ഥാനവുമായി സഹകരിച്ച് ഇന്ന് മുതൽ മൂന്ന് ദിവസമാണ് പരിപാടി. ശാസ്ത്ര മേഖലയിലെ സമഗ്ര സംഭാവനക്ക് സ്വദേശി ശാസ്ത്ര പുരസ്കാരങ്ങൾ സമ്മേളനത്തിൽ സമ്മാനിക്കും.

✪✪✪

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവത്തിന് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും. നിയമസഭാ സമുച്ചയത്തിലെ R ശങ്കര നാരായണൻ തമ്പി ഹാളിലാണ് പരിപാടി.

ആധുനിക മലയാള സാഹിത്യത്തിന് നിസ്തുല സംഭാവന നൽകിയ N.S മാധവന് ഈ വർഷത്തെ നിയമസഭാ പുരസ്കാരം ചടങ്ങിൽ മുഖ്യമന്ത്രി സമ്മാനിക്കും. 2025ലെ അന്താരാഷ്ട്ര ബുക്കർ പുരസ്കാര ജേതാവ് ബാനു മുഷ്താഖ് ചടങ്ങിൽ മുഖ്യാതിഥിയാകും. പുസ്തക സ്റ്റാളുകൾ രാവിലെ

സ്പീക്കർ A.N. ഷംസീറും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും ചേർന്ന് ഉദ്ഘാടനം ചെയ്യും. .

കുട്ടികൾക്കായി പ്രത്യേക സ്റ്റുഡന്റ്സ് കോർണറും മാതൃകാ നിയമസഭയും പുസ്തകോത്സവത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

✪✪✪

സജീവ ഭരണ നിർവഹണവും, സമയബന്ധിത നടപ്പാക്കലും എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ഫ്ലാഗ്ഷിപ് പദ്ധതി- 'പ്രഗതി' അമ്പത് യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ച് നിർണായക നാഴികക്കല്ല് പിന്നിട്ടു. 2015 ൽ നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി,രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ഹിമാചൽ പ്രദേശിലെ പർബതി-II ജലവൈദ്യുത പദ്ധതിയെക്കുറിച്ച് ഒരു റിപ്പോർട്ട്.

.......വോയ്സ്.....

ഹിമാചൽ പ്രദേശിലെ കുളു ജില്ലയിലെ പർബതി നദിയിൽ ദേശീയ ജല വൈദ്യുതി കോർപറേഷൻ വികസിപ്പിച്ച റൺ-ഓഫ്-ദി-റിവർ ജലവൈദ്യുത നിലയമാണ് പർബതി-II. പ്രതിവർഷം 3,074 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പദ്ധതിയിൽ ഉത്പാദിപ്പിക്കുന്നത്. വടക്കൻ ഗ്രിഡിലേക്ക് പുനരുപയോഗ വൈദ്യുതി നൽകുന്ന പർബതി-IIപദ്ധതി ഹിമാചൽ പ്രദേശ്, ഡൽഹി, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പ്രയോജനം ചെയ്യുന്നു.

പദ്ധതിയുടെ നടപ്പാക്കലിൽ അതിന്റെ വ്യാപ്തിയും സങ്കീർണ്ണതയും വലിയ വെല്ലുവിളികൾ ഉയർത്തി. നിർമ്മാണ സമയത്തെ ഭൂമി ഏറ്റെടുക്കലായിരുന്നു പ്രധാന പ്രശ്നം. ഇത് കാലതാമസത്തിന് കാരണമായി. 2016 ഫെബ്രുവരി 17-ന് പ്രഗതി സംവിധാനത്തിന് കീഴിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ വിഷയം അവലോകനം ചെയ്യുകയും ഏറ്റെടുത്ത ഭൂമിയുടെ പരിവർത്തനം മുൻഗണനാക്രമത്തിൽ പൂർത്തിയാക്കാൻ ഹിമാചൽ പ്രദേശ് ഗവൺമെന്റിനോട് നിർദ്ദേശിക്കുകയും ചെയ്തു.

. ഇതേ തുടർന്ന് നാല് ജനറേറ്റിംഗ് യൂണിറ്റുകളിൽ മൂന്നെണ്ണം കഴിഞ്ഞ വർഷം ഏപ്രിൽ ഒന്നിനും നാലാമത്തെ യൂണിറ്റ് കഴിഞ്ഞ വർഷം ഏപ്രിൽ 16 നും കമ്മീഷൻ ചെയ്തു.

✪✪✪

റവന്യു രേഖകളിൽ നികുതി കെട്ടാത്ത വിഭാഗത്തിൽ ഉൾപ്പെട്ട 'നി.കെ' ഭൂമിക്ക് നികുതി നിർണയിച്ച് അടയ്ക്കാനാവശ്യമായ നടപടിക്രമങ്ങൾ ഗവൺമെന്റ്

ഔദ്യോഗികമായി അംഗീകരിച്ചതായി മന്ത്രി K രാജൻ അറിയിച്ചു. ഇതുസംബന്ധിച്ച ഉത്തരവ് റവന്യു വകുപ്പ് പുറത്തിറക്കി. മലബാർ മേഖലയിൽ ഉൾപ്പെടെ 'നി.കെ' ഭൂമികളെക്കുറിച്ച് വർഷങ്ങളായി നിലനിന്നിരുന്ന ആശയക്കുഴപ്പങ്ങൾക്കും വ്യത്യസ്ത വ്യാഖ്യാനങ്ങൾക്കും ഇതോടെ വിരാമമാകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സൂക്ഷ്മ ജലസേചന സംവിധാനം വ്യാപിപ്പിക്കുന്നതിന് തയ്യാറാക്കിയ വെബ് പോർട്ടൽ മന്ത്രി P പ്രസാദ് ഇന്ന് ഉദ്ഘാടനം ചെയ്യും. Per drop, more crop പദ്ധതി വിപുലീകരിക്കാനാണ് പോർട്ടൽ തയ്യാറാക്കിയത്. സൂക്ഷ്മ ജലസേചന സംവിധാനത്തിന് ചെറുകിട നാമമാത്ര കൃഷിക്കാർക്ക് 55 ശതമാനവും, മറ്റു വിഭാഗങ്ങൾക്ക് 45 ശതമാനവും ഗവൺമെന്റ് സബ്സിഡി ലഭിക്കും. ഇതിനായി നേരിട്ടോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ പോർട്ടലിൽ അപേക്ഷ നൽകാവുന്നതാണ്.

✪✪✪

കൊല്ലത്ത് ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ ക്കെതിരെ സമരംചെയ്യുന്ന സമിതി നേതാക്കളുമായി മന്ത്രി K.N ബാലഗോപാൽ ചർച്ച നടത്തി. നിർമാണത്തിലെ അപാകതകൾ പഠിക്കാനെത്തുന്ന ദേശീയപാത അതോറിറ്റി വിദഗ്ധ സംഘവുമായി സമരസമിതി നേതാക്കൾക്ക് ചർച്ചയ്ക്ക് അവസരം ഒരുക്കുമെന്നും, അതുവരെ പാർശ്വ ഭിത്തിയിലെ വിള്ളലുകളിലെ അറ്റകുറ്റപ്പണി നിർത്തിവയ്ക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി അറിയിച്ചു.

✪✪✪

വാരണാസിയിൽ ദേശീയ വോളീബാൾ ചാമ്പ്യൻഷിപ്പ് പുരുഷ വിഭാഗത്തിൽ കേരളത്തിന് ജയം. ഹിമാചൽപ്രദേശിനെ ഒന്നിനെതിരെ മൂന്നു സെറ്റുകൾക്കാണ് കേരളം പരാജയപ്പെടുത്തിയത്. മൂന്നു കളികളിൽ ജയിച്ച കേരളം പൂളിൽ ഒന്നാം സ്ഥാനത്താണ്.

✪✪✪

സംസ്ഥാനത്ത് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ പുതുതായി സ്ഥാനമേറ്റ ഭാരവാഹികളുടെ കോൺക്ലേവ് രാവിലെ മന്ത്രി V അബ്ദുറഹിമാൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ഗവൺമെന്റിന്റെ കായിക നയം ഫലപ്രദമായി നടപ്പാക്കാനും ലക്ഷ്യമിട്ടാണ് കോൺക്ലേവ്.

✪✪✪

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കുഷ്ഠരോഗനിർണയ ക്യാമ്പയിൻ 'അശ്വമേധം 7.0 (seven point zero) വിന് ഇന്ന് തുടക്കമാകും. ഭവനസന്ദർശനം നടത്തി കുഷ്ഠരോഗികളെ കണ്ടെത്തി കൃത്യമായ ചികിത്സ ഉറപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കണ്ണൂരിൽ നിന്ന് K.O .ശശിധരൻ ............

...(വോയ്സ്)...........

✪✪✪

കോഴിക്കോട് ജില്ലാതല ഉദ്ഘാടനം രാവിലെ രാമനാട്ടുകര കുടുംബാരോഗ്യ കേന്ദ്രത്തിൽ നഗരസഭ ചെയർപേഴ്സൺ കല്ലട മുഹമ്മദലി നിർവഹിക്കും. പരിപാടിയുടെ ഭാഗമായി ബോധവത്കരണ തെരുവ് നാടകവും സംഘടിപ്പിക്കും.

✪✪✪

കോഴിക്കോട്ട് അരക്കോടിയോളം രൂപയുടെ MDMA യുമായി യുവാവ് പിടിയിലായി. നഗരത്തിലെ സ്വകാര്യ ആശുപത്രിക്കു സമീപം ലോഡ്ജിൽ നിന്ന് 710 ഗ്രാമോളം MDMA യുമായി കല്ലാച്ചി വാണിമേൽ സ്വദേശി ഷംസീർ ആണ് അറസ്റ്റിലായത്. ഡാൻസഫ് സംഘത്തിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. 17 വർഷത്തോളം വിദേശത്ത് ജോലിചെയ്തശേഷം ആറുമാസം മുമ്പാണ് ഇയാൾ നാട്ടിലെത്തിയത്.

ബംഗലൂരു, ഗോവ, ഡൽഹി എന്നിവിടങ്ങളിൽ നിന്ന് മയക്കുമരുന്ന് മൊത്തമായി കൊണ്ടുവന്ന് ചെറുകിട വിൽപ്പനക്കാർക്ക് ഇയാൾ വിതരണം ചെയ്തുവരികയാണെന്ന് എക്സൈസ് പറഞ്ഞു.

പന്തീരാങ്കാവ് പയ്യടിത്താഴത്ത് വാടക വീട്ടിൽ നിന്ന് എട്ട് ഗ്രാമിലേറെ MDMA യുമായി വിമുക്തഭടനും യുവതിയുമടക്കം മൂന്നു പേരെയും എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു.

✪✪✪

പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കും റോബോട്ടിക്സ് പരിശീലനം നൽകുന്ന പദ്ധതിക്ക് ഇന്ന് തുടക്കമാകും. കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ നാലര ലക്ഷത്തോളം

കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ഈ മാസം 15 നകം എല്ലാ സ്കൂളുകളിലും റോബോട്ടിക് ശില്പശാലകൾ പൂർത്തിയാക്കും.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗം K P ശങ്കരദാസ് കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയുടെ പരിഗണന ഈ മാസം 12 ലേക്ക് മാറ്റി. പ്രോസിക്യൂഷൻ കൂടുതൽ സമയം ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണ് കോടതിയുടെ നടപടി. ആരോഗ്യപരമായ കാരണങ്ങൾ കാണിച്ചാണ് ശങ്കരദാസ് മുൻകൂർ ജാമ്യം തേടുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ സ്വർണ്ണ കപ്പിന്റെ പ്രയാണം ഇന്ന് കാസർഗോഡ് നിന്ന് ആരംഭിക്കും. രാവിലെ മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നാരംഭിക്കുന്ന സ്വർണ കപ്പ് യാത്ര ജില്ലയിലെ വിവിധ സ്കൂളുകളിലെത്തും.

✪✪✪

തൃശൂർ ശ്രീകേരള വർമ്മ കോളജ് ഇംഗ്ലീഷ് വിഭാഗം സംഘടിപ്പിച്ച അന്തർദേശീയ സെമിനാർ പരമ്പര 'എയ്ദോസ്' ഒൻപതാം പതിപ്പ് മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ ഏറ്റവും വലിയ അനുഗ്രഹം അതിന്റെ സമൃദ്ധമായ വൈവിധ്യവും, നാനാത്വവും ബഹുസ്വരതയുമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: : അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO : ഷീബ*